**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 640** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര സർക്കാരിന്റെ വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുനിസിപ്പാലിറ്റി/നഗര വൈദ്യുത വികസനം ലക്ഷ്യമിട്ട് കേന്ദ്ര സർക്കാരിന്റെ ഏതൊക്കെ വൈദ്യുത പദ്ധതികൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | മുനിസിപ്പാലിറ്റി / നഗര പ്രദേശ വികസനം ലക്ഷ്യമാക്കിയുള്ള 579.514 കോടിയുടെ (IPDS) പദ്ധതി 2019 ഡിസംബർ മാസം പൂർത്തീകരിച്ചു. ഊർജ്ജമേഖലയിലെ നവീകരണത്തിനായി 27-07-2021-ൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നൂതന പദ്ധതിയായ റീവാമ്പ്ഡ് ഡിസ്ട്രിബ്യൂഷൻ സെക്ടർ സ്കീം (RDSS) സംസ്ഥാനങ്ങളിലെ നഗര-ഗ്രാമ ഭേദമെന്യേ ഒരുപോലെ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. വിതരണ മേഖലയിലെ പരിഷ്കാരങ്ങൾ വഴി സാമ്പത്തിക നഷ്ടം കുറയ്ക്കുവാൻ ഡിസ്കോമുകളെ പ്രാപ്തമാക്കുകയും കാര്യക്ഷമത ഉറപ്പാക്കുകയും സമയബന്ധിതമായി പ്രകടനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ആയതിനുള്ള കർമ്മപദ്ധതിയും വിശദമായ പദ്ധതി റിപ്പോർട്ടും തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ നഗരസഭകളെ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങളാണ് നിലവിലുള്ളത്; | (ബി) | ബാധകമല്ല. |
| (സി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത നഗരസഭകളെ ഉൾപ്പെടുത്തുന്നതിനും അവർക്ക് സ്പെഷ്യൽ പാക്കേജ് നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ